**ലോകസർക്കാർ ഇനി ആരും സ്ഥാപിക്കേണ്ടതില്ല;
അതിപ്പോൾ തന്നെ നിലവിലുണ്ട്.
തന്റെ നന്മയും അപരന്റെ നന്മയും തമ്മിലുള്ള പാരസ്പര്യത്തെ
തിരിച്ചറിയുന്ന വിശ്വപൗരനാണ് അതിന്റെ അച്ചുതണ്ട്.
നടരാജഗുരു**

# ലോകസർക്കാറിന്റെ പ്രകടനപത്രിക

**മനുഷ്യരാശി** ഒന്നാണ്; ഇതാണ് ഈ പ്രകടന പത്രികയുടെ അടിസ്ഥാന ദർശനം. മനുഷ്യരാശിയുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം ആരംഭിക്കുന്നത്, മനുഷ്യരുടെ ഒരുമയും, സാഹോദര്യവും വേണ്ടവിധം അംഗീകരിക്കുന്നതിൽ നിന്നാണ്. ഇതിന് വിരുദ്ധമായി, അധികാരത്തിന്റെയും പ്രയോഗികതയുടേയും ന്യായങ്ങൾ പറഞ്ഞ് മനുഷ്യരെ പല അടഞ്ഞ സമൂഹങ്ങളായി പരിഗണിക്കുന്നത്, ഈ അടിസ്ഥാന സത്യത്തെ അവമതിക്കലാണ്. മനുഷ്യർ അവരുടെ ജന്മം കൊണ്ടും, സുഖത്തെ ലക്ഷ്യമാക്കുന്ന അവരുടെ ദൈനംദിന പ്രവൃത്തികളാലും, ഒരുവന് മറ്റൊരുവനോടുള്ള പാരസ്പര്യം കൊണ്ടും ഒന്നായിരിക്കുന്നു.

### യോഗാത്മക ദർശനം (unitive or dialectical vision)

മനുഷ്യജീവിതത്തിന് അടിസ്ഥാനമായി യോഗാത്മകവും, പരമവുമായ ഒരു മൂല്യമുണ്ട്. ആ മൂല്യം, ജീവിതത്തിന്റെ ആന്തരികവും ബാഹ്യവുമായ അനിവാര്യതകളെ അതിവർത്തിക്കുന്ന ഒന്നാണ്. അതിന് പ്രത്യയശാസ്ത്രപരമോ, സാന്ദർഭികമോ ആയ പരിമിതികളൊന്നും ഇല്ല; പണക്കാരനെന്നോ പാവപ്പെട്ടവനെന്നോ, ഉയർന്നവനെന്നോ താഴ്ന്നവനെന്നോ, സംസ്ക്കാരമുള്ളവനെന്നോ ഇല്ലാത്തവനെന്നോ ഉള്ള വേർതിരിവുകളുമില്ല.

ഈ മൂല്യത്തെ പ്രാഥമിക മാനദണ്ഡമാക്കുന്ന യോഗദർശനം, വ്യക്തിയേയും ലോകത്തേയും രണ്ടല്ലാതെ മനസ്സിലാക്കുന്നു. അഥവാ, രണ്ട് വിരുദ്ധ സാധ്യതകൾക്കിടയിൽ സ്വീകരിക്കുന്ന മധ്യമാർഗമാണ് യോഗം. അങ്ങനെയൊരു നിഷ്പക്ഷത ഒരുവൻ ആർജ്ജിക്കുമ്പോൾ, ലോകത്തെവിടെയുമുള്ള മനുഷ്യരുടെ/സഹജീവികളുടെ വേദന, അയാളുടേയും വേദനയായിത്തീരുന്നു. ഇങ്ങനെ, സഹജീവികളുടെ സഹനത്തോടും, അവർ അനുഭവിക്കുന്ന അനീതിയോടുമുള്ള മനുഷ്യരുടെ അനുകമ്പയും, അമർഷവും, ദേശകാലങ്ങൾ മറികടക്കുന്ന ഒരു യാഥാർഥ്യമാണ്. ഇത്തരം തിരിച്ചറിവുകളാണ്, ഓരോരുത്തരും എല്ലാവർക്കും വേണ്ടി (one for all), എല്ലാവരും ഓരോരുത്തർക്കും വേണ്ടിയെന്ന (all for one) ലോകസർക്കാരിന്റെ അടിസ്ഥാന നിലപാടിന് കാരണം. അമ്മയും കുഞ്ഞും പരസ്പ്പരം ബന്ധപ്പെട്ടിരിക്കുന്നത് പോലെ, ഭൂമിയിലെ ഓരോ മനുഷ്യനും മറ്റെല്ലാവരുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന സത്യം നാം മറന്നാൽ സർവതലങ്ങളിലുമുള്ള ദുരിതവും അനീതിയുമാണ് സംഭവിക്കുക.

ലോകത്തുണ്ടാകുന്ന പലവിധ ദുരന്തങ്ങളെക്കുറിച്ച്, പത്രങ്ങളിൽ ചെറുതും വലുതുമായ വാർത്തകൾ വരാറുണ്ട്. എന്നാൽ അതൊക്കെ രാവിലെ ഭക്ഷണത്തിന് മുൻപ് ഒന്ന് ഓടിച്ച് വായിച്ച്, ഉടനടി മറന്ന് കളയുന്ന സ്വഭാവമാണ് ആളുകൾക്ക് ഉള്ളത്. രാഷ്ട്രീയത്തോടും ആളുകൾക്ക് ഇതേ സമീപനമാണ്. എന്നാൽ നമ്മുടെ രീതി ഇതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്; മുഴുവൻ മനുഷ്യരാശിയുടേയും സുഖവും സമാധാനവുമെന്ന നമ്മുടെ ലക്ഷ്യത്തെ പകലുകളോ രാത്രികളോ അവധി ദിവസങ്ങളോ ബാധിക്കുന്നില്ല. എന്നാൽ വെറും രാഷ്ട്രീയത്തിലല്ല, ഭൂമി രാഷ്ട്രീയത്തിലാണ് നമുക്ക് താൽപ്പര്യം. ലോകസർക്കാരിന് അതിർ



നിന്ന് ആവശ്യപ്പെടും; ഇത് വ്യക്തിയുടെ കാര്യത്തിലെന്നപോലെ, കൂട്ടായ്മകളുടെ കാര്യത്തിലും മുഴുവൻ മനുഷ്യരാശിയെ സംബന്ധിച്ചും വാസ്തവമാണ്. (ഇങ്ങനെ, തീർത്തും ജ്ഞാനാധിഷ്ഠിതമായ യോഗമാർഗത്തെ, ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾക്കുള്ള പരിഹാരമായി ഉപയോഗിക്കുമ്പോൾ നമുക്കതിനെ ഭൗമയോഗശാസ്ത്ര - science of geo-dialectics - മെന്ന് വിളിക്കാം.

സത്യത്തിൽ, മനുഷ്യൻ അടിസ്ഥാനപരമായി നല്ലതോ ചീത്തയോ എന്ന പ്രശ്നം നമ്മെ സംബന്ധിച്ച് അത്ര പ്രസക്തമല്ല. മനുഷ്യന് തന്നിലുള്ള അറിവില്ലായ്മയെ, തന്നിൽ തന്നെയുള്ള അറിവുകൊണ്ട് മറികടക്കാനാവുമോ എന്നതാണ് നമുക്ക് അറിയേണ്ടുന്ന കാര്യം. മനുഷ്യരിലെ നന്മയേയും തിന്മയേയും യാന്ത്രികമായി സമീപിക്കാതെ, കാലപ്രവാഹത്തിൽ സ്വയം രൂപപ്പെടുന്ന മനുഷ്യജീവിതത്തിന്റെ അനിവാര്യ ഘടകങ്ങളായി കാണാനാവണം. ആ യോഗാത്മകവീക്ഷണം, മൂല്യാധിഷ്ഠിതമായ മ

ത്തികളില്ല; ഭൂമിയെ ഒന്നായാണ് നാം കാണുന്നത്.

**ഓരോ മനുഷ്യനും സന്തുഷ്ടിയുള്ളപ്പോൾ മുഴുവൻ മനുഷ്യരാശിക്കും സന്തോഷമുണ്ടാവും; പൊതുവായ സന്തുഷ്ടി നിലനിൽക്കുമ്പോൾ ഓരോ മനുഷ്യന്റെയും സന്തോഷം ഏറ്റവും സുരക്ഷിതമായിരിക്കും. അതുപോലെ, ഒരമ്മയ്ക്കും തന്റെ കുട്ടിക്ക് സുഖമില്ലെങ്കിൽ, സന്തോഷമുണ്ടാവില്ല; ജനങ്ങൾ സന്തുഷ്ടരല്ലെങ്കിൽ ഒരു ഭരണകർത്താവിനും യഥാർത്ഥ സന്തോഷം കിട്ടില്ല. ഇങ്ങനെ ഏത് സന്ദർഭത്തിലും, അതിലുള്ള ഉഭയഘടകങ്ങളേയും, ആ ഘടകങ്ങളുടെ മൗലീക സ്വഭാവങ്ങളേയും തിരിച്ചറിഞ്ഞ്, അവയെ മുഴുവൻ മനുഷ്യരാശിയുടെയും നന്മയെ ലക്ഷ്യമാക്കി സമന്വയിപ്പിക്കുന്നതാണ് യോഗാത്മക രീതി.**

## മനുഷ്യസ്വഭാവം ഒരേ സമയം നല്ലതും ചീത്തയുമാണ്

ചരിത്രത്തിലെ എത്രയെങ്കിലും ദുരനുഭവങ്ങൾക്ക് ശേഷവും, തിന്മ ഇല്ലെന്നും ദൈവം മനുഷ്യരെയെല്ലാം നല്ലവരായാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും ആരെങ്കിലും പറഞ്ഞാൽ, അത് വളരെ അതിശയോക്തിപരമായിരിക്കും. നേരെ മറിച്ച് തിന്മയാണ് മനുഷ്യസ്വഭാവത്തിന്റെ അടിസ്ഥാനമെന്ന് പറയുന്നതും ശരിയല്ല. നന്മതിന്മകൾ സന്ദർഭത്തെ ആശ്രയിച്ചിരിക്കുന്നുവെന്നും, പൊതുവായൊരു തീരുമാനം അതിനെക്കുറിച്ച് സാധ്യമല്ലെന്നും ചില മിടുക്കന്മാർ അഭിപ്രായപ്പെട്ടേക്കാം. വേറെ ചിലർ, മനുഷ്യനിലെ തിന്മയാണ് മനുഷ്യനെ മനുഷ്യനാക്കുന്നതെന്ന് പോലും പറയാനിടയുണ്ട്. ഏതായാലും ഇത്തരം പ്രശ്നങ്ങൾ ഇന്നത്തെ പോലെ ആയിരകണക്കിന് വർഷങ്ങൾക്ക് മുൻപും മനുഷ്യരെ വലച്ചിട്ടുണ്ട്; അവയ്ക്കുള്ള പരിഹാരത്തിന്റെ കാര്യത്തിൽ പലപ്പോഴും അന്നത്തേതിൽ നിന്ന് നാം ഒട്ടും മുന്നോട്ട് പോയിട്ടുമില്ല.

എന്നാൽ ഈ വൈരുധ്യത്തെ മറികടക്കുവാനുള്ള വഴി നമ്മെ പഠിപ്പിക്കുവാൻ, ദേശകാലഭേദങ്ങളില്ലാതെ ജ്ഞാനികൾ ശ്രമിച്ചിട്ടുണ്ട്. അങ്ങനെയൊരു മാർഗം നാം ശാസ്ത്രീയമായി മനസ്സിലാക്കുമ്പോൾ, ഏതൊരു സാഹചര്യത്തിലേയും വിരുദ്ധ ഘടകങ്ങളെ സമന്വയിപ്പിക്കുവാൻ നമുക്ക് കഴിയും. ആ സമന്വിത വീക്ഷണത്തിൽ, മനുഷ്യനിൽ സഹജമായുള്ള തിൻമ, മനുഷ്യനിലുള്ള നന്മയോളം തന്നെ സത്യമാണ്. എല്ലാ മൂല്യങ്ങളും, അവ നല്ലതോ തീയതോ ആവട്ടെ, ഉപരിതനമായ (vertical) ഒരു മൂല്യശ്രേണിയുടെ ഭാഗമാണെന്നും, ജീവിതത്തിലെ ഓരോ സന്ദർഭത്തിലും ഈ വിരുദ്ധ സാധ്യതകൾക്കിടയിൽ നിന്ന് തനിക്ക് തിരഞ്ഞെടുക്കേണ്ടി വരുമെന്നും മനുഷ്യൻ മനസിലാക്കണം. ഈ തിരഞ്ഞെടുക്കൽ പ്രക്രിയ ഓരോ സമയത്തും നിരന്തരമായ മൂല്യനവീകരണവും നമ്മിൽ

നുഷ്യജീവിതത്തിന്റെ ഊർധ്വമുഖവും, നിരന്തരം പുതുക്കപ്പെടുന്നതുമായ മാറ്റത്തെയും ഉൾക്കൊള്ളണം. നമ്മെ സ്വതന്ത്രരാക്കുന്ന സത്യത്തേയും (the truth that makes men free), നമുക്ക് ശക്തി തരുന്ന അറിവിനേയും (the knowledge that gives power) ജീവിതത്തിന്റെ പരിമിതികളെയെല്ലാം അതിവർത്തിക്കാൻ ശേഷിയുള്ള മൂല്യങ്ങളായി വേണം മനസ്സിലാക്കാൻ.

## യോഗാത്മക സമീപനം; പല തലങ്ങളിൽ

മനുഷ്യൻ ഒരു വശത്ത് അനിവാര്യതകളാൽ ബന്ധിതനായിരിക്കുമ്പോൾ മറുവശത്ത് അവൻ സ്വാതന്ത്ര്യത്തെ എത്തിപ്പിടിക്കുവാൻ ശ്രമിക്കുന്നു. വിശപ്പും രോഗവും മനുഷ്യജീവിതത്തിലെ അനിവാര്യതകളെ പ്രതിനിധീകരിക്കുന്നുവെങ്കിൽ സ്വന്തം ഇഷ്ടങ്ങൾക്കും താൽപ്പര്യ

ങ്ങൾക്കും അനുസൃതമായി ജീവിക്കുവാനുള്ള ഒരുവന്റെ ഇച്ഛ, മനുഷ്യന്റെ സ്വാതന്ത്ര്യബോധത്തെ വെളിപ്പെടുത്തുന്നു. ഈ രണ്ടു ആവശ്യങ്ങളും നിറവേറപ്പെടുമ്പോഴാണ് സന്തുഷ്ടി എന്ന മൂല്യാനുഭവം ഒരുവന് ഉണ്ടാകുന്നത്. അങ്ങനെ ഓരോ മനുഷ്യനും സന്തുഷ്ടിയുള്ളപ്പോൾ മുഴുവൻ മനുഷ്യരാശിക്കും സന്തോഷമുണ്ടാവും; പൊതുവായ സന്തുഷ്ടി നിലനിൽക്കുമ്പോൾ ഓരോ മനുഷ്യന്റെയും സന്തോഷം ഏറ്റവും സുരക്ഷിതമായിരിക്കും. അതുപോലെ, ഒരമ്മയ്ക്കും തന്റെ കുട്ടിക്ക് സുഖമില്ലെങ്കിൽ, സന്തോഷമുണ്ടാവില്ല; ജനങ്ങൾ സന്തുഷ്ടരല്ലെങ്കിൽ ഒരു ഭരണകർത്താവിനും യഥാർത്ഥ സന്തോഷം കിട്ടില്ല. ഇങ്ങനെ ഏത് സന്ദർഭത്തിലും, അതിലുള്ള ഉഭയഘടകങ്ങളേയും, ആ ഘടകങ്ങളുടെ മൗലീക സ്വഭാവങ്ങളേയും തിരിച്ചറിഞ്ഞ്, അവയെ മുഴുവൻ മനുഷ്യരാശിയുടെയും നന്മയെ ലക്ഷ്യമാക്കി സമന്വയിപ്പിക്കുന്നതാണ് യോഗാത്മക രീതി.

## യാന്ത്രിക സമീപനങ്ങളും അതിന്റെ അപകടങ്ങളും

ഓരോ മനുഷ്യനും, അയാൾ തന്റെ ജീവനോളം പ്രിയപ്പെട്ടതായി കരുതുന്ന ചില കാര്യങ്ങൾ ഉണ്ടാവും; പണം, കുടുംബം, വിശ്വാസം അങ്ങനെ എന്തുമാവാം അത്. അയാളുടെ ഈ ഇഷ്ടവിഷയവും അയാൾ ജീവിതത്തിൽ അന്വേഷിക്കുന്ന സന്തോഷവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇങ്ങനെ മനുഷ്യർക്കെന്നത് പോലെ ദേശങ്ങൾക്കും സംസ്കാരങ്ങൾക്കും അതിന്റേതായ വ്യക്തിത്വങ്ങളുണ്ട്. യാന്ത്രികമായ രീതിയിൽ ഇവയെ കൈകാര്യം ചെയ്താൽ ഗുരുതരമായ പിഴവുകളാവും സംഭവിക്കുക. രാഷ്ട്രങ്ങളുടെ വിഭജനങ്ങൾ എത്രയോ വലിയ നരഹത്യകളിൽ കലാശിച്ചിരിക്കുന്നു!

അതേസമയം, നൂറ്റാണ്ടുകളുടെ കുത്തൊഴുക്കിൽ ഉണ്ടായിട്ടുള്ള ചരിത്രപരമായ അനിവാര്യതകൾ, ദേശരാഷ്ട്രങ്ങളുടെ നിലനിൽപ്പിനുള്ള ന്യായങ്ങളായി ഇന്ന് കണക്കാക്കപ്പെടുന്നുണ്ട്. ഈ രാഷ്ട്രങ്ങളെ പരമാധികാര കേന്ദ്രങ്ങളായി മനസിലാക്കുവാനും, ആ മട്ടിൽ ഭൂപടത്തിൽ രാജ്യങ്ങളെ വേർതിരിക്കുവാനും നമ്മൾ കുട്ടികളെ സ്ക്കൂളിൽ പഠിപ്പിക്കുന്നുമുണ്ട്. പലപ്പോഴും കുട്ടി ഇത് പഠിച്ച് കൊണ്ടിരിക്കുമ്പോൾ തന്നെ യുക്തിസഹമായ കാരണങ്ങൾ ഒന്നുമില്ലാതെ, ഒരു രാജ്യം മറ്റൊന്നിന്റെ മെക്കിട്ടുക്കേറുകയും അതിർത്തികൾ മാറിമറിയുകയും ചെയ്യുന്നു. ഇന്നത്തെ ദേശരാഷ്ട്രാതിർത്തികളൊന്നും ലോകത്തെ ശാസ്ത്രീയമായി ക്രമീകരിച്ചതിന്റെ ഫലമല്ല; പലപ്പോഴും ഇത്തരം അതിർത്തികളുടെ തുടക്കവും വളർച്ചയും അടിച്ചേൽപ്പിക്കപ്പെട്ടതോ, ആകസ്മികമോ ആയിരിക്കും. അവ ന്യായമോ അന്യായമോ ആയ യുദ്ധങ്ങളുടെ തുടർച്ചയാണെന്നും വരാം. എങ്ങനെയായാലും, ഇന്നത്തെ ആഗോള രാഷ്ട്രീയം, വളരെയധികം ഉൽഘോഷിക്കപ്പെടുന്ന മനുഷ്യമഹത്വത്തിന് നിരക്കുന്നതല്ലെന്ന് തീർച്ച.

പഴയ കാലങ്ങളിൽ ധീരയോദ്ധാക്കൾ പരസ്പരം പോരാടിയിരുന്നത് മനുഷ്യരുടെ മാന്യതക്ക് നിരക്കുന്ന



നടരാജഗുരു

ചില നിയമങ്ങൾക്ക് അനുസൃതമായാണ്. എന്നാൽ ഇന്ന്, അത്യാധുനിക ആയുധങ്ങൾ കൊണ്ട് ഒരു ജനതയെയാകെ നശിപ്പിക്കുവാൻ തുനിയുന്ന സൈന്യാധിപന്മാരെ കുറിച്ച് നാം കേൾക്കുന്നു. ദുരിതം അനുഭവിക്കുന്ന സ്ത്രീകളെയും കുട്ടികളേയും രക്ഷിക്കുന്ന ധീരന്മാർക്ക് പകരം, ആയുധമില്ലാത്ത നിരപരാധികളായ മനുഷ്യർ നേരിടുന്ന ഭീഷണികളെ കുറിച്ചാണ് നാം അറിയുന്നത്. യുദ്ധാനന്തരം, യുദ്ധത്തടവുകാർ ശിക്ഷിക്കപ്പെടുന്നതിലെ ന്യായാന്യായങ്ങളും ആരും അറിയാറില്ല.

ഇങ്ങനെ രാഷ്ട്രീയം ദിവസവും നിറം മാറി കൊണ്ടിരിക്കുന്നു; എന്നാൽ, തടങ്കൽ കേന്ദ്രങ്ങളും, നിരന്തരം രേഖകൾ നിഷേധിക്കപ്പെടുന്നതിനാൽ നിയമാനുസൃതം ജോലി ചെയ്ത് ജീവിക്കുവാൻ പോലും നിവൃത്തിയില്ലാത്ത അഭയാർഥികളും, കാടത്തരത്തിന്റെയും അടിമത്തത്തിന്റെയും നാളുകൾ കഴിഞ്ഞിട്ടില്ലെന്ന് തന്നെയാണ് കാണിക്കുന്നത്. ഭയവും സുരക്ഷിതത്വമില്ലായ്മയും വേട്ടയാടുന്ന മനുഷ്യരാശി, ആശ്വാസത്തിനായി എങ്ങോട്ട് പോകണമെന്നറിയാതെ ഉഴറുന്നു. ഇന്ന് മനുഷ്യരാശിയുടെ നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യപ്പെടുമ്പോഴും എന്താണ് ചെയ്യേണ്ടതെന്നറിയാത്ത നിലയിലാണ് നമ്മൾ.

അതിനാൽ, ലോകസർക്കാർ മനുഷ്യന്റെ മൂല്യവും ബഹുമാന്യതയും വിളംബരം ചെയ്യേണ്ടതുണ്ട്. പ്രത്യേകിച്ചൊരു കാരണവും കൂടാതെ സഹജീവികളെ വെറുക്കുന്ന മനുഷ്യൻ, ജീവനുണ്ടെങ്കിലും ചത്തതിന് തുല്യമാണ്. പരസ്പരവിരുദ്ധമായ സ്വകാര്യതാല്പ്പര്യങ്ങളുടെ പേരിൽ പോരടിക്കുന്നവരുടെ നാശവും സുനിശ്ചിതമത്രേ. മനുഷ്യരാശിയുടെ ശത്രുക്കൾ ആരൊക്കെയെന്ന് പ്രത്യേകം പേരെടുത്തു പറയേണ്ടതില്ല; അവരുടെ ദിനങ്ങൾ എണ്ണപ്പെട്ടിരിക്കുന്നു. മനുഷ്യരാശി, പ്രതികൂല സാഹചര്യങ്ങളെയെല്ലാം അതിജീവിച്ച് മുന്നോട്ട് പോവുക തന്നെ ചെയ്യും; അതിൽ, ലോകസർക്കാർ ഉറച്ച് വിശ്വസിക്കുന്നു. അതിനാൽ എല്ലാ മനുഷ്യസ്നേഹികളും, തങ്ങളുടെ ഇരട്ടത്താപ്പുകളും, ഒത്തുതീർപ്പുകളും, കള്ളത്തരവും സംശയങ്ങളും ഒഴിവാക്കി കൃത്യമായ നിലപാടെടുക്കേണ്ട കാലമായിരിക്കുന്നു.

## ലോകസർക്കാരിന്റെ പ്രവർത്തനപദ്ധതി

ലോകസർക്കാരിന് പ്രത്യേകിച്ചൊരു പ്രവർത്തനപദ്ധതിയോ അതിർത്തി താൽപ്പര്യമോ ഇല്ല. മജിസ്ട്രേട്ടുമാരുടെയോ, പോലീസിന്റെയോ അധികാരത്തിലോ, ശക്തിയിലോ അവരുടെ ശിക്ഷാനടപടികളിലൂടെയോ അല്ല ലോകസർക്കാർ ഭരണം നടത്തുന്നത്. മറിച്ച്, അറിവാണ് അതിന്റെ ശക്തി. പുറമേക്ക് നിന്നുള്ള ഒരു സ്വാധീനമായിട്ടല്ലാതെ മനുഷ്യരാശിയെ മനുഷ്യരാശിക്ക് വേണ്ടി മനുഷ്യരാശിയിലൂടെയാണ് ലോകസർക്കാർ സ്വാധീനിക്കുക. ഈ പ്രക്രിയയിൽ നശിപ്പിക്കപ്പെടേണ്ടതായി യാതൊന്നും ഇല്ല.

യുദ്ധങ്ങൾ തുടങ്ങുന്നത് മനുഷ്യമനസ്സുകളിൽ ആണെന്ന് പറയുന്നതിലൂടെ മുഴുവൻ സമയ രാഷ്ട്രീയക്കാർ പോലും സമ്മതിക്കുന്ന കാര്യമാണ്, മ

നുഷ്യരാശിയുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം തുടങ്ങുന്നത് അറിവിന്റെ തലത്തിൽ നിന്നാണെന്ന്. അനിവാര്യതയ്ക്കും, വിശപ്പിനും പ്രാഥമിക പരിഗണന നൽകുന്ന വൈരുദ്ധ്യാത്മക ഭൗതീകവാദം (dialectical materialism) ഇതിൽ നിന്നും വ്യത്യസ്തമായ സമീപനമാണ്. ഈ രണ്ടു സമീപനങ്ങളേയും ഉൾക്കൊള്ളുന്നതാണ് നമ്മുടെ പ്രകടനപത്രിക.

അമൂല്യവിലയുള്ള മുത്തായും, ഭയങ്ങളിൽ നിന്നെല്ലാം രക്ഷിക്കുന്ന ധർമ്മമായും അറിയപ്പെടുന്ന ജ്ഞാനമാണ് താറുമാറായിരിക്കുന്ന ഇന്നത്തെ ലോകത്തിനാവശ്യം. അങ്ങനെ മാത്രമാണ് നമുക്ക് ഈ ലോകത്തെ പുനരേകീകരിക്കുവാനും, മനുഷ്യജീവിതത്തെ ശരിയായി രൂപപ്പെടുത്തുവാനും കഴിയുക. മനുഷ്യർക്കെല്ലാം അംഗീകരിക്കാനാവുന്ന സുഖത്തിന്റെയോ മൂല്യത്തിന്റെതോ ആയ ഒരു ഉന്നത മാനദണ്ഡത്തെ മുൻനിറുത്തി മുഴുവൻ മനുഷ്യരാശിയുടേയും ജീവിതത്തെ വിഭാവന ചെയ്യുവാൻ നമുക്ക് ആവണം. അതായത് , ലോക സർക്കാരിന്റെ ഏറ്റവും പ്രധാന ദൗത്യം, മനുഷ്യർക്ക് സഹജവും സ്വാഭാവികവുമായ രീതിയിൽ മനുഷ്യരാശിയുടെ ദൈനംദിന വൃത്തികളെ വ്യക്തിയുടെ മൗലീകമായ ഇഷ്ടങ്ങളേയോ നിലപാടുകളേയോ ഹനിക്കാത്ത രീതിയിൽ ശാസ്ത്രീയമായി ക്രമീകരിക്കുക എന്നതാണ്. ഓരോ ഘട്ടത്തിലും ദോഷകരമായ പ്രവണതകളെ ഒഴിവാക്കികൊണ്ട് യുദ്ധത്തിനും – സമാധാനത്തിനും പ്രവർത്തനത്തിനും – അലസതക്കും, അത്യാവേശത്തിനും – ഉദാസീനതക്കും ഇടക്കുള്ള നീതിപൂർവകമായ മധ്യമാർഗം സ്വീകരിക്കുവാൻ നമുക്ക് ആവണം. അങ്ങനെയാവുമ്പോൾ ഏതൊരു സന്ദർഭത്തിലും അടിസ്ഥാനപരമായ മാനുഷികമൂല്യങ്ങളെ നമുക്ക് ഉയർത്തിപ്പിടിക്കാനാവും.

ലോകസർക്കാരിന്റെ സ്വാധീനം ലോകത്തിന്റെ ഏതെങ്കിലും ഒരു പ്രത്യേക പ്രദേശത്തോ കേന്ദ്രത്തിലോ ആയി ഒതുങ്ങിനിൽക്കേണ്ടതല്ല. മറിച്ച് ലോകം മുഴുവനും, മനുഷ്യരുടെ രാഷ്ട്രീയ സന്തുഷ്ടിയെ ലക്ഷ്യം വെക്കുന്ന ഏതൊരു സന്ദർഭത്തിലും അതിന്റെ സാന്നിധ്യം ഉണ്ടാവണം. എന്നാൽ ഇപ്പോൾ തന്നെ മറ്റ് സർക്കാരുകൾ ശരിയായി നിറവേറ്റിക്കൊണ്ടിരിക്കുന്ന ചുമതലകളൊന്നും തന്നെ ലോകസർക്കാർ ഏറ്റെടുക്കുവാനോ അനുകരിക്കുവാനോ ഉദ്ദേശിക്കുന്നില്ല. മറ്റ് ഭരണകൂടങ്ങളുമായി ചേർന്നുള്ള അധികാര വിഭജനമോ, സമാന്തര ഭരണമോ അവർക്ക് ഉപരിയായ അധികാരക്കുത്തകയോ നമ്മുടെ ലക്ഷ്യമല്ല. എന്നാൽ ഇതുകൊണ്ടൊന്നും ലോകസർക്കാർ മറ്റൊരു സർക്കാരിനും പുറകിലുമല്ല. ലോകസർക്കാർ വാസ്തവത്തിൽ ചെയ്യേണ്ടത്, കാര്യങ്ങളെ അതിന്റെ വഴിക്ക് വിടുകയും അത്യാവശ്യമുള്ളതിൽ ഒട്ടും കൂടുതൽ നിയമങ്ങൾ ഉണ്ടാക്കാതിരിക്കുകയുമാണ്.

ഒരു മനുഷ്യന് മികവുണ്ടാകുന്നത്, മികവിന് വേണ്ടി അയാൾ ബോധപൂർവ്വമായും തീവ്രമായും ആഗ്രഹിക്കുമ്പോഴാണ്. അങ്ങനെ ഒരുവന് വിവേകം ഉണ്ടാവുമ്പോൾ, അയാൾ ബാക്കിയുള്ളവരുടെ ജീവിതത്തിൽ അനാവശ്യമായി തലയിടാതെ, തന്റെ കാര്യങ്ങൾ ശ്രദ്ധിക്കുകയാണ് വേണ്ടത്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ഒരുവന് മനുഷ്യനെന്ന നിലയിൽ തന്റെ ആന്തരിക ചോദനകൾക്കനുസരിച്ച് ജീവിക്കുവാനും മറ്റു മനുഷ്യരെ അതിന് അനുവദിക്കുവാനും ആവണം. ഒരാളെ മറ്റൊരാളിൽ നിന്ന് വ്യത്യസ്തനാക്കുന്ന മൗലീക സ്വഭാവത്തിന്, ആത്മപ്രകാശനത്തിനും വികാസത്തിനും ഉള്ള എല്ലാ വിധ അവസരങ്ങളും ഉണ്ടാവണം. ഈ നിയമങ്ങൾ വ്യക്തികൾക്കെന്ന പോലെ കൂട്ടായ്മകളുടെയും, രാഷ്ട്രങ്ങളുടെയും സവിശേഷ സ്വഭാവങ്ങളെ സംബന്ധിച്ചും പ്രസക്തമാണ്. ചിന്നി ചിതറികിടക്കുന്ന വിവിധ രാഷ്ട്രീയപ്രസ്ഥാനങ്ങളും ഈ ആദർശങ്ങളെ പിന്തുടരട്ടെ; അങ്ങനെ സമൂഹത്തിലെ എല്ലാ കൂട്ടായ്മകളും, സ്ഥാപനങ്ങളും ഒരേ നിയമങ്ങൾ പിന്തുടരുമ്പോൾ ലോകസർക്കാർ വിഭാവന ചെയ്യുന്ന ലോകക്രമം സാധ്യമാവും. അതല്ലാതെ പ്രത്യേകിച്ച് കർമ്മ പരിപാടികളൊന്നും നമുക്ക് ആവശ്യമില്ല. ഇങ്ങനെ മുഴുവൻ മനുഷ്യരുടെയും ബോധപൂർവമായ സഹകരണത്തിലൂടെയും, തിരിച്ചറിവിലൂടെയും, ലോകസർക്കാരിന്റെ പ്രവർത്തനങ്ങൾ പാരമ്യതയിൽ എത്തുമ്പോൾ ഭക്ഷണവും സ്വാതന്ത്ര്യവും എല്ലാ മനുഷ്യർക്കും ലഭ്യമാവും.

ഇന്ന് ഓരോ ദിവസത്തേയും ഭക്ഷണം കണ്ടെത്തേണ്ട പാവപ്പെട്ട മനുഷ്യർ, അതിന് തങ്ങൾക്കുള്ള പ്രകൃതിദത്തമായ സാഹചര്യങ്ങളിൽ നിന്ന് മനുഷ്യനിർമ്മിതമായ യാന്ത്രിക നിയമങ്ങളാൽ മാറ്റിനിറുത്തപ്പെടുന്നു; ഇത്തരം നിയമങ്ങൾ നിലംപരിശാക്കപ്പെടണം. ദേശാഭിമാനത്തിന്റെയും മറ്റും പേര് പറഞ്ഞ്, ചെറുതും വലുതുമായ രാജ്യങ്ങൾ ഉണ്ടാക്കുന്ന അനാവശ്യ നിയമങ്ങൾ ഇന്ന് യാത്രകളെ കൂടുതൽ കൂടുതൽ ക്ലേശകരമാക്കുന്നു. അതേ സമയം അന്താരാഷ്ട്ര നിയമങ്ങളുടെ പേരിൽ ഒരു രാജ്യത്തെ അന്യായമായ വ്യവസ്ഥിതി, വിദേശരാജ്യങ്ങളിലെ സൈന്യത്തിന്റെ പിന്തുണയോടെ നിലനിർത്തപ്പെടുന്ന സാഹചര്യങ്ങളുമുണ്ട്. വാസ്തവത്തിൽ ദേശീയതയ്ക്ക്, ജാതീയതയോടും മതഭ്രാന്തിനോടും വളരെ സാദൃശ്യമാണുള്ളത്. ഇത്തരം സങ്കുചിതത്വങ്ങളുടെ ഊരാകുടുക്കുകളിൽപ്പെട്ട് ലോകം തന്നെ വലിയൊരു തടവറയായി മാറിയിരിക്കുന്ന മനുഷ്യർക്ക് അതിൽ നിന്നെല്ലാം രക്ഷ വേണമെങ്കിൽ, ശാസ്ത്രീയമായും വിമർശനാത്മകമായും രൂപപ്പെടുത്തിയ തത്വശാസ്ത്രവും, മതസങ്കല്പ്പവും അത്യാവശ്യമാണ്.

1948ൽ ഐക്യരാഷ്ട്രസഭ അംഗീകരിച്ച മനുഷ്യാവകാശ പ്രഖ്യാപനരേഖ, നീതിയുക്തവും, എന്നാൽ ഇന്നേവരെ നടപ്പിൽ വരാത്തതുമായ ആഗോള മാനദണ്ഡങ്ങളെ ഉൾക്കൊള്ളുന്നതാണ്. ചെറുതും വലുതുമായ പല രാഷ്ട്രങ്ങളും ഈ രേഖ അംഗീകരിച്ചിട്ടുമുണ്ട്. വിവിധ ഭരണകൂടങ്ങളോ

**ലോകസർക്കാരിനു വിപുലമായ പ്രവർത്തന സാധ്യതകളുള്ള മറ്റൊരു മേഖല വികേന്ദ്രീകരണമാണ്. അതായത് ഓരോ സാഹചര്യത്തിലേയും പരസ്പരാശ്രിതമായ വൈരുദ്ധ്യങ്ങളെ തിരിച്ചറിഞ്ഞ് ഒഴിവാക്കുക. ഉദാഹരണത്തിന് അദ്ധ്വാനത്തെ പീഡയാക്കുന്നത് മൂലധനമാണ്. വൻകിട വ്യവസായശാലകളാണ് ചേരികളെ ഉണ്ടാക്കുന്നത്. വിവേചനബുദ്ധിയില്ലാത്ത കാരുണ്യപ്രവർത്തനമാണ് യാചനക്ക് കാരണം. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ മൂന്നാമതൊരു കേന്ദ്രത്തിൽ നിന്ന് ശിക്ഷാനടപടികളോ, പരിഷ്ക്കാരങ്ങളോ വരേണ്ടതില്ല**

ട് ഈ ഉടമ്പടി വേണ്ടവിധം നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുന്നതിലൂടെ, അവരവരുടെ വാഗ്ദാനങ്ങൾ നിറവേറ്റണമെന്നു മാത്രമാണ് ലോകസർക്കാർ പറയുന്നത്.

ലോകസർക്കാരിനു വിപുലമായ പ്രവർത്തന സാധ്യതകളുള്ള മറ്റൊരു മേഖല വികേന്ദ്രീകരണമാണ്. അതായത് ഓരോ സാഹചര്യത്തിലേയും പരസ്പരാശ്രിതമായ വൈരുദ്ധ്യങ്ങളെ തിരിച്ചറിഞ്ഞ് ഒഴിവാക്കുക. ഉദാഹരണത്തിന് അദ്ധ്വാനത്തെ പീഡയാക്കുന്നത് മൂലധനമാണ്. വൻകിട വ്യവസായശാലകളാണ് ചേരികളെ ഉണ്ടാക്കുന്നത്. വിവേചനബുദ്ധിയില്ലാത്ത കാരുണ്യപ്രവർത്തനമാണ് യാചനക്ക് കാരണം. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുവാൻ മൂന്നാമതൊരു കേന്ദ്രത്തിൽ നിന്ന് ശിക്ഷാനടപടികളോ, പരിഷ്ക്കാരങ്ങളോ വരേണ്ടതില്ല.

## വിശ്വപൗരനും മനുഷ്യരാശിയും

ഈ പത്രികയ്ക്ക് അടിസ്ഥാനമായിരിക്കുന്ന രാഷ്ട്രീയസിദ്ധാന്തം എന്താണെന്ന് ചോദിച്ചാൽ മറുപടിയായി ആദ്യമേ പറയാവുന്ന കാര്യം, ലെസ്സസ് ഫെയർ (laissez-faire) തിയറിയുമായി ഇതിന് യാതൊരു ബന്ധവുമില്ലെന്നാണ്. 'കൈയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന രീതിയുമായി നമുക്കത്രപോലും അടുപ്പമില്ല. പരമാവധി ആളുകളുടെ പരമാവധി സന്തോഷം എന്ന ബെന്ത്യമിൻ (Benthamian)സിദ്ധാന്തവും ഈ പത്രികയുടെ അടിസ്ഥാനതത്വങ്ങൾക്ക് നിരക്കുന്നതല്ല; വാസ്തവത്തിൽ നമ്മൾ സംഖ്യാപരമായി ചിന്തിക്കുന്നതേയില്ല. അങ്ങനെയായാൽ യാന്ത്രികവും, പക്ഷപാതപരവുമായ പ്രവൃത്തികളിലാവും നാം ചെന്നെത്തുക. ലോകസർക്കാരിന്റെ സമന്വയദർശനത്താൽ അതിന്റെ രാഷ്ട്രീയം ഒരേ സമയം രാഷ്ട്രീയവും അരാഷ്ട്രീയവുമാണെന്ന് പറയാം. അഥവാ അതിനെ, രാഷ്ട്രീയത്തെ ഇല്ലാതാക്കുന്ന രാഷ്ട്രീയമായും കാണാവുന്നതാണ്.

മനുഷ്യരാശിയുടെ പൊതുവായ നന്മയെ പ്രതിനിധീകരിക്കുന്ന ഒരു വിശ്വപൗരനും, സമൂഹവും തമ്മിലുള്ള ഉടമ്പടിയാണ് ലോകസർക്കാരിന്റെ അടിസ്ഥാനം. രണ്ടായി തിരിച്ച് പറയുന്നുവെങ്കിലും, വാസ്തവത്തിൽ മനുഷ്യരാശിയുടെ പരിപൂർണ്ണമായ സുഖം - നന്മ - നീതിയെന്ന നാണയത്തിന്റെ രണ്ടു വശങ്ങളായി വേണം ഇവരെ മനസ്സിലാക്കാൻ. ലോകസർക്കാരിന്റെ പ്രാഥമിക ഉത്തരവാദിത്തം ലോകത്തിലെ പ്രശ്നങ്ങളുടെ പരിഹാരത്തിന് പുതിയതും സമഗ്രവുമായ ഒരു ജീവിതദർശനം മുന്നോട്ടുവെക്കുക എന്നതാണ്. ഇത് സാധ്യമാവുമ്പോൾ ലോകത്തിൽ കൂടുതൽ കൂടുതൽ വിശ്വപൗരന്മാർ ഉണ്ടാവും. ഒരേ സമയം പൊതുവായ നന്മയേയും, ഓരോരുത്തരുടെ നന്മയേയും പ്രതിനിധീകരിക്കുന്ന ഇവർ, തങ്ങൾക്ക് സന്തോഷം തരുന്ന കാര്യങ്ങളിൽ ഏർപ്പെടുന്നതിനൊപ്പം, എല്ലായ്പ്പോഴും സഹജീവികളുടെ സന്തുഷ്ടിക്കായും പ്രയത്നിക്കും. അങ്ങനെ വിരുദ്ധതാൽപ്പര്യങ്ങൾക്കിടയിലെ അവരുടെ നിഷ്പക്ഷതയാൽ സമൂഹത്തിൽ വ്യക്തിയുടെ മൂല്യം വർദ്ധിക്കും; അങ്ങനെയുള്ള വ്യക്തികൾക്ക് തങ്ങളുടെ ചുറ്റുപാടുകളിൽ ഗുണപരമായ ഒരു സ്വാധീനശേഷിയും ഉണ്ടായിരിക്കും.

പഴയകഥകളിലെ ധീരനായ പോരാളിയെപ്പോലെ മനുഷ്യരാശിയോടുള്ള തന്റെ സ്നേഹത്താൽ, അയാൾ എപ്പോഴും യഥാർത്ഥ സാഹസികപ്രവൃത്തികളെ അന്വേഷിക്കും. ഇങ്ങനെ പരമമായ ഒരു ആദർശത്തിനായി സ്വയം സമർപ്പിക്കുന്നതിലൂടെ ഒരുവൻ വ്യക്തിയെന്ന നിലയ്ക്കും, സഹജീവിയെന്ന നിലയ്ക്കും തന്റെ അവകാശങ്ങളേയും ഉത്തരവാദിത്തങ്ങളേയും ശരിയായി അഭിമുഖീകരിക്കുന്നു. ഒരാൾ ഇങ്ങനെയൊരു നിലപാടെടുക്കുമ്പോൾ മനുഷ്യരാശിയെ മുഴുവൻ സേവിക്കുവാനുള്ള എത്രയെങ്കിലും അവസരങ്ങൾ അയാളെ തേടിയെത്തും. ഇത്തരം വിശ്വപൗരന്മാരെ തങ്ങളുടെ പ്രതിനിധികളായി ലോകം മുഴുവൻ സൃഷ്ടിക്കാനാവുന്നതിനെ ആശ്രയിച്ചാണ് ലോകസർക്കാരിന്റെ വിജയം നിലനിൽക്കുന്നത്; ഇവരാണ് ലോകസർക്കാരിന്റെ മൂലക്കല്ലും, ഏറ്റവും വിലപിടിച്ച സമ്പത്തും.

അങ്ങനെയുള്ള ഒരാൾക്ക് തന്റെ ആദർശത്തിന്റെ വിജയത്തിനായി എന്തെങ്കിലും ചെയ്യണമെന്ന ആത്മാർഥമായ ആഗ്രഹം ഉണ്ടായാൽ അയാൾ ഇപ്പോഴെവിടെ ആയിരിക്കുന്നുവോ അവിടെനിന്ന് തന്നെ അയാൾക്കത് തുടങ്ങാവുന്നതാണ്. ഉദാഹരണത്തിന് ഒരാൾ ജനപ്രതിനിധിയാണെങ്കിൽ ലോകസർക്കാരിന്റെ ആദർശങ്ങളെ മുൻനിറുത്തി അയാൾക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാവുന്നതും, സുസ്ഥിര നയങ്ങളെ പിന്തുണക്കാവുന്നതുമാണ്. രാഷ്ട്രീയപ്രവർത്തകർക്കെല്ലാം, തങ്ങൾ പിന്തുടരുന്നത് സാർവ്വത്രികമായ മാനദണ്ഡങ്ങളെയാണെന്നതിനാൽ, തങ്ങൾ ഇപ്പോഴുള്ള പ്രസ്ഥാനങ്ങളിൽ തുടർന്ന് കൊണ്ട് തന്നെ ലോക സർക്കാരിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്. പുതിയ രാഷ്ട്രങ്ങൾ എപ്പോഴും ഉണ്ടാവുന്നുണ്ട്; അവയ്ക്ക് പുതിയ ഭരണഘടനകളും ആവശ്യമുണ്ട്. ഏകലോകദർശനത്തെ മുൻനിറുത്തി അവർക്ക് തങ്ങളുടെ ഭരണഘടനകൾക്ക് രൂപം കൊടുക്കാവുന്നതാണ്; അങ്ങനെയാവുമ്പോൾ ഭാവിയിലെ മാറിയ സാഹചര്യത്തിൽ സ്വയം തകരുന്നതിൽ നിന്ന് അവർ രക്ഷപ്പെടും.

സ്വാധീനമുള്ള പദവികളിലെ മനുഷ്യർ, പ്രത്യേകിച്ച് സ്ത്രീകൾ, ലോകസർക്കാരിന്റെ പ്രവർത്തനപദ്ധതികൾ പഠിക്കുകയും അവർക്ക് സാധ്യമാവുന്നത് പോലെ മനുഷ്യാവകാശപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും വേണം. ഒപ്പം കലയിലും, സംസ്ക്കാരത്തിലും, ജ്ഞാനസമ്പ്രദായങ്ങളിലും ഉള്ള മികച്ചതെല്ലാം സംരക്ഷിക്കപ്പെടണം. ദാന്റെയും ഷേക്സ്പിയറും കാളിദാസനും മനുഷ്യരാശിയുടെ പൊതുസ്വത്താണ്; അവർ ഏതെങ്കിലും പ്രത്യേക രാജ്യങ്ങളിൽ ആയിരുന്നുവെന്നത് യാദൃശ്ചികം മാത്രമാണ്. അറിവ് വേണ്ട രീതിയിൽ സംരക്ഷിക്കപ്പെടുകയും, വിനിമയം ചെയ്യപ്പെടുകയും ചെയ്യുന്നതിലൂടെ സമൂഹത്തിലെ ഏറ്റവും അടിതട്ടിലുള്ളവരുടെയടക്കം താൽപ്പര്യങ്ങൾ സുരക്ഷിതമാക്കപ്പെടുന്നു.

കൂടുതൽ കൂടുതൽ നികുതികൾ കർഷകരിൽ അടിച്ചേൽപ്പിക്കുന്ന ഇന്നത്തെ ഏർപ്പാടിന് പകരം ലോകസർക്കാർ കർഷകരെ ആദരിക്കണം. ചൂഷണവും മൽസരവും ഉണ്ടാക്കുന്ന ദുരിതം കുറയ്ക്കുവാൻ ലോകസർക്കാരിന് സ്വയംപര്യാപ്ത സഹകരണാധിഷ്ഠിത കൂട്ടായ്മകൾ ആരംഭിക്കാവുന്നതാണ്. ഇസ്രയേലിലുള്ള 'കിബ്ബുട്സ്' അത്തരമൊരു കൂട്ടായ്മയാണ്. കരിഞ്ചന്തക്കാരെ ഒഴിവാക്കാൻ ഉതകുന്ന സഹകരണ ഷോപ്പുകളും ലോകസർക്കാരിന് തുടങ്ങാം.

ലോകസർക്കാർ അതിന്റെ കാഴ്ച്ചപ്പാടുകൾ യാതൊരു വിട്ടുവീഴ്ച്ചയും സംശയവുമില്ലാതെ വ്യക്തമായി വിളംബരം ചെയ്യേണ്ടതാണ്. അങ്ങനെ സത്യം പുലരുവാനുള്ള സാഹചര്യം ഉണ്ടാവണം. ഏകപക്ഷീയമായ ഒത്തുതീർപ്പുകളാണ് മനുഷ്യരാശിയെ ഇന്ന് ദുർബലമാക്കുന്നത്. ലോകസർക്കാർ കൂടുതൽ കൂടുതൽ പൊതുജനശ്രദ്ധയെ ആകർഷിക്കുമ്പോൾ, അത് നിരന്തരം മനുഷ്യരാശിയുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങളെ തുറന്ന് കാണിക്കുകയും,

അങ്ങനെ മാനവരാശിയുടെ മനഃസാക്ഷിയെ പ്രതിനിധീകരിക്കുകയും ചെയ്യും. ഈ ദൗത്യത്തിനിടയിൽ നിലവിലുള്ള ഏതെങ്കിലും അധികാര കേന്ദ്രങ്ങളുടെ ചട്ടുകങ്ങളായി മാറാതിരിക്കുവാനും നമ്മൾ ശ്രദ്ധിക്കണം. അത്തരക്കാരുടെ എന്തെങ്കിലും സഹായം വേണ്ടി വന്നാൽ തന്നെ, പിശ കുകൾ ചൂണ്ടി കാണിക്കുന്നതിലുള്ള നമ്മുടെ നിഷ്പക്ഷത സംശയാതീ തമായിരിക്കണം. അനാവശ്യ മാധ്യമശ്രദ്ധയും പ്രശസ്തിയും ഒഴിവാക്കേ ണ്ട കാര്യങ്ങളാണ്. ആവശ്യമെങ്കിൽ, ലോകസർക്കാരിന് അതിന്റെ ആ ശയങ്ങളുടെ കൃത്യമായ പ്രകാശനത്തിന് സ്വന്തമായി മാധ്യമങ്ങളും തു ടങ്ങാവുന്നതാണ്.

## ഐക്യരാഷ്ട്രസഭയും, മറ്റ് ആഗോള സമിതികളും

ഇപ്പോൾ തന്നെ ആഗോളമായി പ്രവർത്തിക്കുന്ന വിവിധ സംഘടനകളു മായി ചേർന്ന് നമ്മൾ പ്രവർത്തിക്കാത്തത് എന്തുകൊണ്ടാണെന്ന ചോദ്യം സ്വാഭാവികമാണ്. പ്രശ്നങ്ങളോടുള്ള അവരുടെ സമീപനം അടിസ്ഥാന പരമായി നിഷേധാത്മകമോ ഏകപക്ഷീയമോ ആയതുകൊണ്ട്, എന്നതാ ണ് ഉത്തരം.

നിഷേധാത്മകത എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യ ക്തമാക്കാൻ, നമുക്ക് രാജ്യങ്ങൾക്കിടയിലെ സമാധാന - നിരായുധീകര ണ ഉടമ്പടികളുടെ കാര്യമെടുക്കാം. പലപ്പോഴും ഇ ത്തരം ഉടമ്പടികൾ ഉണ്ടാകുന്നത് ഏതെങ്കിലും രാ ജ്യങ്ങൾക്ക് തങ്ങൾ തൊട്ടടുത്ത് നടത്തിയ യുദ്ധ ത്തെക്കുറിച്ചുള്ള കുറ്റബോധത്തിൽനിന്നോ, വരാനി രിക്കുന്ന യുദ്ധത്തെകുറിച്ചുള്ള ഭയത്തിൽ നിന്നോ ആണ്. അത്തരം സന്ദർഭങ്ങളിൽ അതിനനുകൂല മായ ജനവികാരവും നിലനിൽക്കുന്നുണ്ടാവും. ഈ അവസരം മുതലെടുത്ത് പെട്ടെന്ന് പ്രശ്നപരിഹാ രം വാഗ്ദാനം ചെയ്യുന്നവർ, വിവിധ രാഷ്ട്രങ്ങളിൽ നിന്ന് ധാരാളം പണം കൈക്കലാക്കുന്നു. കുറച്ചു നാൾ കഴിയുമ്പോൾ രാജ്യങ്ങളുടെ ഭയവും കുറ്റ ബോധവും ഇല്ലാതാവും. തങ്ങളുടെ വാഗ്ദാനം നി റവേറ്റുന്നതിൽ പരാജയപ്പെട്ട സമിതി മാറുകയും, നയപരിപാടികളിൽ ഭേ ദഗതികളോടെ പുതിയൊരു സംഘടന അവതരിക്കുകയും ചെയ്യും. ലീഗ് ഓഫ് നേഷൻസ് മാറി ഐക്യരാഷ്ട്രസഭ ഉണ്ടാവുന്നത് ഇങ്ങനെയാണ്. ലോകസമാധാനം നിലനിറുത്തുന്നതിൽ സഭയുടെ പരാജയം എല്ലാവർ ക്കും വ്യക്തമാകുന്ന സന്ദർഭത്തിൽ, സഭയ്ക്കും ലീഗ് ഓഫ് നേഷൻസിന്റെ ഗതി തന്നെ സംഭവിക്കും.

**മനുഷ്യരുടെ ഒരുമ എന്നത് ഇന്ന് ഒരു സ്വപ്നമാണ്. ഈ സ്വപ്നം, മുഴുവൻ മനുഷ്യരാശിയും ഏറ്റെടുക്കണമെങ്കിൽ, ആ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നവർ അധികാരമോഹികളോ, ദുരാഗ്രഹികളോ അല്ലെന്ന് ജനങ്ങൾക്ക് ബോധ്യമുണ്ടാവണം. ത്യാഗത്തിലൂടെ മാത്രമാണ് നമ്മൾ വിഭാവന ചെയ്യുന്ന ഏകലോകം സാധ്യമാവുകയെന്ന് അതിനായി നില കൊള്ളുന്ന വിശ്വപൗരന്മാർ തിരിച്ചറിയണം**

പ്രഖ്യാപിത ലക്ഷ്യങ്ങളെല്ലാം നിലനിൽക്കുമ്പോഴും നിരായുധീകര ണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഐക്യരാഷ്ട്രസഭയ്ക്ക് യാതൊന്നും ചെയ്യാൻ ആയിട്ടില്ല. വാസ്തവത്തിൽ സഭ ഇന്ന് വിവിധ രാജ്യങ്ങളിലെ നയതന്ത്രജ്ഞർക്ക് പരസ്പരം ചെളി വാരിയെറിയുവാനുള്ള ഒരു 'മാ ന്യ'വേദിയാണ്. സഭയുടെ ഘടനപോലും ശക്തരായ രാഷ്ട്രങ്ങൾക്ക് അ ത്ര ശക്തരല്ലാത്ത രാഷ്ട്രങ്ങളുടെ മേൽ മേധാവിത്വം നൽകുന്ന തരത്തിലാ ണ്; ചില രാഷ്ട്രങ്ങൾക്കുള്ള വീറ്റോ അധികാരം തന്നെ ഉദാഹരണം. ഇ ത്തരം രീതികളെയാണ് ഏകപക്ഷീയത എന്നത് കൊണ്ട് നമ്മൾ ഉദ്ദേശി ക്കുന്നത്. കൂടാതെ സഭയിലെ പ്രവേശനം, അംഗത്വത്തിൽ തുടരൽ, പുറ ത്താക്കൽ തുടങ്ങിയവയ്ക്കൊന്നും ഏകീകൃത മാനദണ്ഡങ്ങളോ, ശാസ് ത്രീയ അടിസ്ഥാനമോ ഇല്ല.

ഐക്യരാഷ്ട്രസഭയെ കൂടാതെ വേറെയും ആഗോള സംഘടനകളുണ്ട്; കത്തോലിക്കാ സഭ, കമ്യൂണിസ്റ്റ് പാർട്ടി തുടങ്ങിയവ അതിൽ ഉൾപ്പെടു ന്നു. പലവിധ ഏകപക്ഷീയതകളും അശാസ്ത്രീയതയും കൊണ്ട് ഇവ യും ലോകസർക്കാരിന്റെ രീതികളോട് യോജിച്ച് പോവുകയില്ല.

## ത്യാഗത്തിന്റെ അനിവാര്യത

മനുഷ്യരുടെ ഒരുമ എന്നത് ഇന്ന് ഒരു സ്വപ്നമാണ്. ഈ സ്വപ്നം, മുഴു വൻ മനുഷ്യരാശിയും ഏറ്റെടുക്കണമെങ്കിൽ, ആ ലക്ഷ്യത്തിനായി പ്രവർത്തിക്കുന്നവർ അ ധികാരമോഹികളോ, ദുരാഗ്രഹികളോ അല്ലെ ന്ന് ജനങ്ങൾക്ക് ബോധ്യമുണ്ടാവണം. ത്യാഗ ത്തിലൂടെ മാത്രമാണ് നമ്മൾ വിഭാവന ചെയ്യു ന്ന ഏകലോകം സാധ്യമാവുകയെന്ന് അതിനാ യി നില കൊള്ളുന്ന വിശ്വപൗരന്മാർ തിരിച്ച റിയണം. അങ്ങനെയുള്ള ത്യാഗം വെറും ഉപ രിപ്ലവമോ, ആചാരപരമോ ആയാൽ പോര. ഒ രു മനുഷ്യൻ തന്നിൽ തന്നെ തൃപ്തനായിരി ക്കുമ്പോഴാണ് അവൻ തന്റെ വളർച്ചയുടെ പൂർ ണ്ണതയിൽ എത്തുന്നത്. ഈ സ്വയംപര്യാപ്ത മായ സന്തുഷ്ടി ഒരുവന് ലഭിക്കുക, താൻ ത ന്നെകുറിച്ച് ചെയ്യുന്ന ആത്മവിചാരത്തിൽ നി ന്ന് മാത്രമാണ്. അതിനുള്ള സാധ്യത, ജാതി -മത-ലിംഗ-ദേശ-കാല ഭേദങ്ങളൊന്നും ഇല്ലാ തെ, എല്ലാ മനുഷ്യരേയും സംബന്ധിച്ച ഒരു യാഥാർത്ഥ്യമാണ്; ഏറ്റവും എളിയവനും ആ ത്മജ്ഞാനത്തിന്റെ പാതയിൽ സഞ്ചരിക്കാം.

അങ്ങനെ, ഒരു വിശ്വപൗരനാകുവാൻ ന മ്മൾ ഓരോരുത്തരും ദാഹം തീർക്കേണ്ടതായ ജ്ഞാനത്തിന്റെ ഉറവിടത്തെക്കൂടി പരാമർശി ച്ചുകൊണ്ട് ലോകസർക്കാരിന്റെ ഈ പ്രകടന പത്രിക അതിന്റെ എല്ലാ കുറവുകളോടും കൂ ടി മുഴുവൻ മനുഷ്യസ്നേഹികൾക്കും സമർ പ്പിക്കുന്നു. അവരിത് തികഞ്ഞ ആത്മാർഥത യോടും, അനുകമ്പയോടും പരിഗണിക്കുമെന്ന് കരുതട്ടെ. മറിച്ച്, ഈ പത്രിക പ്രസക്തമല്ലെ ന്നു കരുതുന്നവർ, അവരുടെ ആ നിലയ്ക്കുള്ള ഇടപെടലുകളിൽ നിന്നും കുറ്റപ്പെടുത്തലുക ളിൽ നിന്നും ലോകസർക്കാറിന്റെ പ്രവർത്തക രെ ഒഴിവാക്കുകയെങ്കിലും ചെയ്യുക. ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ട് ജ്ഞാനത്തേയും മനുഷ്യ രാശിയേയും സ്നേഹിക്കുന്നവർക്ക് ഈ പത്രിക കൈമാറട്ടെ.

*(ഗുരുവിന്റെ Experiencing one - world എന്ന പുസ്തകത്തിലെ memorandum on world government എന്ന ലേഖനത്തിന്റെ സംക്ഷിപ്ത പരിഭാഷ. പ്രസാധകർ: ഡി.കെ. പ്രിന്റ് വേൾഡ്, ന്യൂഡൽഹി.)*